BHAVAN ROAD
PHONE

66

# കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

നവംബർ 1986



എ.കെ.പി.സി.ടി.എ
പ്രവർത്തക ക്യാമ്പ്

## GOVERNMENT OF KERALA

Abstract

Rules - Kerala Service Rules - Monetary limit fixed in certain rules in the kerala Service Rules - enhancement of - Orders Issued.

FINANCE (RULES) DEPARTMENT

G.O.(P)No.120/86/Fin. Dated, Trivandrum, 3rd February, 1986.

Read:- 1. G.O.(P) 493/79/Fin. dated 4-5-1979.
2. G O.(P) 117/81/Fin. dated 13-2-1981.
3, G.O.(P) 515/85/Fin. dated 16-9-1985.

ORDER

Consequent on the revision of pay scales ordered in G O. read as third paper above, enhancement of monetary limits fixed in certain rules in Part I of Kerala Service Rules has become necessary. Accordingly Government are pleased to order as follows:-

i) In Note (1) under Rule 13, the limit of Rs. 535/- will be enhanced to Rs 1 050/-
ii) In exception below Rule 93 the limit of Rs. 605/- will be revised to Rs 1,015/-
iii) In clause (b) of Rule 103, the limit of Rs. 490/- will be revised as Rs 950/-
iv) In clause (a) of Rule 90 A, the limits of Rs. 900/- Rs. 300/- and Rs. 200/- will be revised to Rs.1,500/. Rs.500/- and Rs. 350/- respectively.
v) In Rule I (i) of section II, Appendix VII, the limit of Rs. 535/- will be enhanced to Rs. 1 050/-

The above orders will take effect from 1-4-1985. In respect of officers who elect to remain in the pre-rivision scales of pay beyond 1-4-1985 the existing pay limits in the above rules would continue to apply till the date on which they come over to the revised scales.

Necessary amendments to the Kerala service Rules will be issued separately.

(BY ORDER OF THE GOVERNOR),
R. GOPALAKRISHNA PANIKKAR,
Joint Secretary.

## GOVERNMENT OF RERALA

Abstract

Medical Benefits to the Kerala Government Servants - Recommendations of the IV Kerala Pay Commission - Implementation of - Orders Issued.

HEALTH AND FAMILY WELFARE (G) DEPARTMENT

G.O.(P) No.12/86/H&FWD Dated, Trivandrum, 23rd January, 1986.

Read:- (1) G O (P) No. 515/85/Fin. dated 16-9-1985.

ORDER

The IV Kerala Pay Commission while reviewing the provisions of the Kerala Government Servant Medical Attendance Rules 1960, has made certain recommendations on the medical benefits to the State Government Employees which were accepted by Government as per the G.O read above. On the analogy of above referencess, Government are pleased to issue the following orders.

( പേജ് 23)

മുഖപ്രസംഗം

# റിപ്പോർട്ട് തള്ളിക്കളയുക

വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചൊരു പ്രയോജനവും ചെയ്യാത്ത ഒന്നാണ് പ്രീഡിഗ്രി ബോർഡിനുവേണ്ടി വി. സി. കമ്മിററി ഗവൺമെൻറിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്. സർവകലാശാലകളിൽ നിന്നും പ്രീ ഡിഗ്രി കോഴ്സ് വേർപെടുത്തുന്നതുകൊണ്ട് പുതുതായി എന്തെങ്കിലും നേട്ടമുണ്ടാകുമെന്നു സ്ഥാപിക്കാൻ ഈ റിപ്പോർട്ടിനു കഴിഞ്ഞിട്ടില്ല.

പ്ളസ് ടു കോഴ്സ് സർവ്വകലാശാലകളിൽ നിന്നു വേർപെടുത്തിയ ചില സംസ്ഥാനങ്ങൾ കമ്മിററി സന്ദർശിക്കുകയുണ്ടായി. ഈ സംസ്ഥാനങ്ങളിൽ വൊക്കേഷണൽ സ്ട്രീം എങ്ങനെ പ്രവർത്തിക്കുന്നു, അക്കാദമിക് സ്ട്രീമിൽ ഗുണപരമായ എന്തുമാററമുണ്ടായി, യാന്ത്രികമായ സിലബസ് പരിഷ്കാരത്തിനപ്പുറം വിദ്യാർത്ഥികളെ ഗുണപരമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നൊന്നും കമ്മിററി പരിശോധിക്കുന്നേയില്ല.

ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന ഒരു സംവിധാനമാണ് റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളത്. അനേകം കോടി രൂപ ചെലവാക്കികൊണ്ട് ഈ പരിഷ്കാരം നടപ്പിലാക്കിയിൽ തന്നെ അതിൽനിന്നും കാര്യമായി യാതൊരു നേട്ടവും ഗവൺമെൻറിനുണ്ടാകുന്നില്ല എന്നതാണ് സത്യം. വിദ്യാഭ്യാസരംഗത്ത് മുൻഗണ നൽകേണ്ടത് ഏതുതരം പരിഷ്കാരങ്ങൾക്കാണെന്നത് കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് പ്രധാനപ്പെട്ട വിഷയമാണ്. ഇന്നുള്ള സർവ്വകലാശാലകളുടെ ദൈനംദിന വികസനപ്രവർത്തനങ്ങൾക്കുപോലും പണമില്ല. സ്കൂളുകളുടെ സ്ഥിതിയും ദയനീയമാണ്. ഇവയെ സഹായിക്കുവാൻ കഴിയാത്ത ഗവൺമെൻറ് പ്രീ ഡിഗ്രി ബോർഡുണ്ടാക്കാൻ കോടികൾ ചിലവാക്കുന്നതിൽ യാതൊരു യുക്തിയുമില്ല.

ജനാധിപത്യത്തോട് തികഞ്ഞ അവഗണനയാണ് വി സി കമ്മിററിയ്ക്കുള്ളതെന്ന് വ്യക്തമാകുന്നു. വിദ്യാഭ്യാസമേഖലയുടെ ഭരണസംവിധാനം കഴിയുന്നിടത്തോളം ജനാധിപത്യവല്ക്കരിക്കണമെന്ന ആശയത്തിനുപകരം നോമിനേഷൻ കൊണ്ടു കുത്തിനിറയ്ക്കപ്പെടുന്ന ഒരു ഭരണ സമിതിയാണ് ബോർഡിനുവേണ്ടി വി. സി. മാർ നിർദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥ ദുർഭരണവും, സർക്കാരിന്റെ ക്രമാതീതമായ ഇടപെടലുമായിരിക്കും ഇതിന്റെ ഫലം.

---

പത്രാധിപ സമിതി

ചെയർമാൻ: ടി. ഗോപാലകൃഷ്ണൻ    പത്രാധിപർ: വി. എൻ. മുരളി

അംഗങ്ങൾ

ടി. കെ. ജി. നായർ   ആർ. രവീന്ദ്രൻ നായർ   എൻ. എൻ. ആനന്ദൻ
വി. നാരായണൻകുട്ടി   എൻ. പി. ഹാഫീസ് മുഹമ്മദ്   ടി. കെ. ലവൻ
കെ. എൻ. ഗണേശ്   കെ. സുകുമാരൻ നായർ

സ്വകാര്യ മാനേജുമെൻറുകൾക്ക് കൊള്ളയും കോഴയും തുടരാൻ മാത്രമേ ഈ റിപ്പോർട്ട് സഹായകമാകൂ. കേരളം പോലുള്ള ഒരു സംസ്ഥാനത്തിൽ പ്രൈവററ് മാനേജരന്മാരുടെ സ്വാധീനം നമുക്കറിയാവുന്നതാണ്. പി. എസ്. സി വഴിനിയമനം, പ്രൈററ് മേഖലയിൽ കഴിയുന്നതും പുതിയ സ്ഥാപനങ്ങൾ തുടങ്ങാതിരിക്കുക തുടങ്ങിയ കമ്മിററി നിർദ്ദേശങ്ങൾ വെറും വാചകമടി മാത്രമാണ്.

വിദ്യാർത്ഥികൾക്ക് ഈ റിപ്പോർട്ടുകൊണ്ട് എന്തെങ്കിലുംമെച്ചമുണ്ടോ? അതുമില്ല. ഏറെ വർഷങ്ങളായി തുടർന്നുവരുന്ന ഇംപ്രൂവ്മെൻറ് സൗകര്യവും റിവാല്യുവേഷൻ സംവിധാനവും നിർത്താലാക്കാനാണ് നിർദേശം. അതുപോലെ ഭാഷാപഠനത്തിൻെറ നേർക്ക് കമ്മിററികാട്ടുന്ന അവജ്ഞയും ശ്രദ്ധിക്കുക. പ്രീഡിഗ്രിക്ക് ഇംഗ്ളീഷിനോടൊപ്പം, മലയാളം,. ഹിന്ദി, അറബിക് തുടങ്ങിയ ഭാഷകൾ കൂടി സെക്കൻറ് ലാംഗ്വേജ് എന്ന നിലയിൽ പഠിക്കണമെന്ന വ്യവസ്ഥ കമ്മിററി എടുത്തു കളഞ്ഞിരിക്കുകയാണ്. പ്രീ ഡിഗ്രിയിൽ ഭാഷ പഠിക്കാതെ വരുന്ന വിദ്യാർത്ഥികൾ ഡിഗ്രിയിലെത്തുമ്പോൾ ഭാഷപഠിക്കുകയുംവേണം. ഇടയ്ക്ക് ഭാഷാപഠനം എടുത്തു കളയുന്നത് ഒരു തുഗ്ളക് പരിഷ്കാരമായി മാത്രമേ കാണാൻ കഴിയൂ.

ചുരുക്കത്തിൽ, വിദ്യാഭ്യാസത്തിൻെറ ഇന്നുള്ള നിലവാരം പോലും തകർക്കുന്നതിനേ ഈ റിപ്പോർട്ട് സഹായകമാകൂ. സർവ്വകലശാലാതലത്തിൽ ഇന്ന് ലഭിക്കുന്ന പരിമിതമായ സൗകര്യങ്ങൾ പോലും വിദ്യാർത്ഥികൾക്ക് നിഷേധിക്കുന്ന ഈ 'മണ്ടൻ പരിഷ്കാരം' ഉപേക്ഷിക്കേണ്ടതുതന്നെ. □



യൂണിവേർസിററി ജനാധിപത്യം നശിപ്പിക്കരുത് - സെക്രട്ടേറിയററ് പടിക്കൽ
എ കെ പി സി ടി എ ധർണ

കുറിപ്പുകൾ

# ഇവർ കൊട്ടാരം സേവകരോ?

അറിവിനെ കുരിശിലേററുന്ന അക്ഷരവൈരികൾ പെരുകുകയാണോ? നമ്മുടെ യൂണിവേഴ്സിററി സമിതികളിൽ കടന്നുകൂടുന്ന ചിലരുടെ പ്രവർത്തനം ഇങ്ങിനെ സംശയിക്കാൻ പ്രേരിപ്പിയ്ക്കുന്നു. കാലിക്കട്ട് യൂണിവേഴ്സിററി മലയാളം ബോർഡ് ഓഫ് സ്ററഡീസ് ശ്രീ. പി. എ. വാര്യരുടെ 'അനുഭവങ്ങൾ' എന്ന പാഠപുസ്തകത്തിലെ 'ക്രിസ്തുവിൻെറ അന്ത്യപ്രലോഭനം' എന്ന ലേഖനം പിൻവലിക്കാൻ തീരുമാനിച്ചിരിക്കയാണല്ലോ. മറെറാരുപാഠപുസ്തകം, ശ്രീമതി ഗോദാവരീപരുലേക്കറുടെ 'മനുഷ്യരുണരുമ്പോൾ' പൂർണ്ണമായി പിൻവലിക്കാനും തീരുമാനിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗവുമായിബന്ധമുള്ളവരെല്ലാം ഈ തീരുമാനത്തിൽ പ്രതിഷേധമുള്ളവരാണ്. ചിന്താശീലവും വിജ്ഞാനതൃഷ്ണയും വളർത്തേണ്ട സർവ്വകലാശാലകളിൽ നിന്നും ഇത്തരം സങ്കുചിത തീരുമാനങ്ങൾ ഒരിക്കലും ഉണ്ടായിക്കൂട. കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയെപ്പററി എല്ലാവർക്കും അറിയാം. സ്വന്തം പിടിവാശിയിൽ തൂങ്ങിനിന്നുകൊണ്ട് ആയിരക്കണക്കിന് പ്രീഡിഗ്രിവിദ്യാർത്ഥികളെ കണ്ണുനീർ കുടിപ്പിച്ച ആളാണ് അദ്ദേഹം. ആരോടും ചോദിക്കാതെ ശ്രീ. പി. എ. വാരിയരുടെ ലേഖനം പിൻവലിക്കുമെന്ന് നിയമസഭയിൽ ഉറപ്പുകൊടുക്കാൻ യാതൊരു ഉളുപ്പും അദ്ദേഹത്തിനുണ്ടായില്ല. എന്നാൽ അതു കേട്ടപാതി കേൾക്കാത്തപാതി ബോർഡ് ഓഫ് സ്ററഡീസ് യോഗം വിളിച്ചുകൂട്ടി തീരുമാനമെടുത്തവരെക്കുറിച്ച് എന്തുപറയാനാണ്!

പ്രൊഫ. എ. പി. പി. നമ്പൂതിരി ചെയർമാനും പ്രൊഫ. സുകുമാർ അഴീക്കോടിനെപ്പോലുള്ളവർ അംഗങ്ങളുമായിരുന്ന ബോർഡ് ഓഫ് സ്ററഡീസാണ് 'അനുഭവങ്ങൾ' പാഠപുസ്തകമാക്കാൻ തീരുമാനമെടുത്തത്. അവരെടുത്ത തീരുമാനം പിന്നീടുവന്ന ബോർഡ് ഒരു മന്ത്രിക്കുവേണ്ടി തിരുത്താനിറങ്ങിത്തിരിച്ചത് നാണംകെട്ട നടപടിയായിപ്പോയി. സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ഒരു സമിതിയെ മന്ത്രിയുടെ താളത്തിനു തുള്ളുന്നതാക്കി മാററിയവർ ആരായാലും അവർ രാജിവച്ച് മന്ത്രിയ്ക്കി ശിങ്കിടിപാടാനും കൈമണി കൊട്ടാനും പോവുകയാണു നല്ലത്.

കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിയ കൃതിയാണ് ശ്രീമതി ഗോദാവരിപരുലേക്കറുടെ 'മനുഷ്യരുണരുമ്പോൾ'. അത് ഇടതുപക്ഷ ചിന്താഗതി പ്രചരിപ്പിക്കുന്നതാണെന്നു കണ്ടുപിടിച്ചാണ് പാഠപുസ്തകങ്ങളുടെ കൂട്ടത്തിൽ നിന്നും പിൻവലിച്ചിരിക്കുന്നത്! ആദിവാസികളെ മനുഷ്യരാക്കുന്നതിനുവേണ്ടി അവരോടൊപ്പം പ്രവർത്തിച്ചകഥയാണ് ശ്രീമതി ഗോദവരി വിവരിക്കുന്നത്. ആധുനിക മറാഠി സാഹിത്യത്തിലെ ഉജ്ജ്വലമായ കൃതിയായതുകൊണ്ടാണ് ഇതിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡുനേടാൻ കഴിഞ്ഞത്. എന്നാൽ ഇവിടുത്തെ അല്പബുദ്ധികൾക്ക് അതും തങ്ങളുടെ സങ്കുചിത രാഷ്ട്രീയത്തിൻെറ കണ്ണടയിലൂടെ മാത്രമേ കാണാൻ കഴിയൂ!

പണ്ട് രാജാവിന് ജയജയപാടിയിരുന്ന കൊട്ടാരംകവികളുണ്ടായിരുന്നു. കാലിക്കട്ട് യൂണിവേഴ്സിററി മലയാളം ബോർഡ് ഓഫ് സ്ററഡീസ് ആ പഴയ കൊട്ടാരം സേവകരെ ഓർമ്മിപ്പിയ്ക്കുന്നു. □

# സെനററിൽ അടിയന്തിര പ്രമേയം, വാക്കൗട്ട്

നവംബർ 5 ന് നടന്ന കേരളയൂണിവേർസിററി സെനററ് യോഗം ശരിയ്ക്കും ഒരു കുററ വിചാരണാ യോഗമായിരുന്നു. വിദ്യാഭ്യാസമന്ത്രിയുടെ പിടിവാശി നടപ്പിലാക്കാൻ ഇറങ്ങി പ്പുറപ്പെട്ട് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അപകടപ്പെടുത്തിയ യൂണിവേർസിററി അധികാരികളെ സെനററംഗങ്ങൾ നിശിതമായി വിമർശിച്ചു. കരിങ്കാലിപ്പണിക്ക് നിയമിക്കപ്പെട്ട 29 പേരെ സ്ഥിരപ്പെടുത്തണമെന്ന ഗവൺമെൻറ് നിർദ്ദേശം നടപ്പിലാക്കരുതെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് ശ്രീ എസ്. എസ്. പോററി ഉന്നയിച്ച സബ്മിഷനിൽ സിൻഡിക്കേററ് സർക്കാരിന് വിടുപണിചെയ്യുകയാണെന്ന് കുററപ്പെടുത്തി. വൈസ് ചാൻസിലർ നല്കിയ മറുപടി തൃപ്തികരമല്ലാതിരുന്നതുകൊണ്ട് അംഗങ്ങൾ വാക്കൗട്ട് നടത്തി. സിൻഡിക്കേററിലെ എ കെ പി സി ടി എ. പ്രതിനിധി പ്രൊഫ. എ. ആർ. ഗണേശ് സെനററിലെ പ്രതിനിധികളായ എസ്. വിശ്വനാഥൻ, എൻ. ഭാർഗ്ഗവൻ മാത്യു വർഗ്ഗീസ് കെ. രവീന്ദ്രൻ, കെ. സദാശിവൻ നായർ, വി. എൻ. മുരളീധരൻപിള്ള എന്നിവർ മററംഗങ്ങളോടൊപ്പം വാക്കൗട്ടിൽ പങ്കെടുത്തു.

## അടിയന്തിരപ്രമേയം

പരീക്ഷാ ക്രമക്കേടുകളും സാമ്പത്തിക തിരിമറികളും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കൃഷ്ണൻ നായർ, വി എൻ മുരളീധരൻ പിള്ള തുടങ്ങിയവരുടെ അടിയന്തിരപ്രമേയം ചർച്ചകൾക്കുശേഷം സഭ അംഗീകരിച്ചു. എ. സുധാകരൻ, എസ്. എസ്. പോററി അബ്ദുറഹിമാൻ കുഞ്ഞ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## സർവ്വകലാശാലാ ജനാധിപത്യം കശാപ്പുചെയ്യരുത്

### സെക്രട്ടേറിയററ് നടയിൽ ധർണ

നവംബർ 6 ന് സെക്രട്ടേറിയററ് നടയിൽ എ. കെ. പി. സി. ടി. എ. അംഗങ്ങൾ പ്രതിഷേധ പ്രകടനവും ധർണയും നടത്തി. സർവകലാശാലാ ജനാധിപത്യം സംരക്ഷിക്കുക, ഗാന്ധിജിയൂണിവേർസിററിയിൽ സെനററ് തെരഞ്ഞെടുപ്പു നടത്തുക, താല്കാലിക തസ്തികകളിൽ നിയമിതരാകുന്ന അധ്യാപകർക്ക് സ്ഥിരം തസ്തികകളിൽ നിയമനം ലഭിക്കാനുള്ള നിയമം ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം.

പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ധർണ ഉത്ഘാടനം ചെയ്തു. ശ്രീമതി. കെ.ആർ. ഗൗരി അമ്മ, വർക്കല രാധാകൃഷ്ണൻ എ. കെ. പത്മനാഭൻ എന്നീ എം. എൽ. എ. മാരും എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. ടി. കെ. ബാലൻ സെക്രട്ടേറിയററ് എംപ്ലോയീസ് അസോസിയേഷൻ നേതാവ് ഗോപിനാഥൻനായർ തുടങ്ങിയവരും പ്രസംഗിച്ചു.



സ്ക്കൂട്ടറപകടത്തിൽ നിര്യാതയായ കരമന എൻ എസ് എസ് കോളേജധ്യാപിക ആർ. വൽസല

# Some Resolutions adopted at the General Council meeting of AIFUCTO

## On National Education Policy 1986

The conference notes that faced with scathing criticism from all quartes of the people and democratic movement of teachers, students and other sections of the working people in which AIFUCTO also played a modest role against Central Education policy the government of India has been forced to rescind some of the most objectionable formulations and also make some stylistic changes to make them look less offensive. The conference congratulates the teachers in particular and democratic forces in general who fought against the dangerous design of the government of India in the field of education and warn them that a much bigger and long-drawn battle is ahead which will be required to defeat the purport of the New Education Policy-1986 which retains the major thrust of the earlier document, Challenge of Education.

The conference not that inspite of these changes the basic thrust of the national policy on education remains the same:

(1) strengthening forces of private management and money power in the field of education.

(2) further bureaucratisation of the educational administration and weakening its democratic content.

(3) parallel development of high quality education at the cost of public exchequer for children of the elite and non-formal education for the children of the poor.

(4) no mention of compulsory free primary education.

(5) no guarantee of increase allocation on education.

(6) continued insistence on delinking of degrees from job.

(7) continued insistence on the scheme of creating autonomous colleges.

(8) no mention of even such crucial issues as security of services for teachers, on national parity in pay scales.

The conference directs the nationel executive committee to chalkout a suitable programme of movement after completing the process of informing and educating members of AIFUCTO and in cooperation with other national teachers' oranisations in the forum of NCCITO.

## On Communalism

The General Council of the AIFUCTO notes with serious concern the rapid erosion of the values of our freedom struggle like secularism and democracy.

It expresses its deep anguish at the rise of all varieties of religious fundamentalism, obscurantism and communalism which divides the pople and pose a serious challenge to our national unity and integrity.It strongly condemns all those forces which are giving fillip to communalism and fundumentalism particualarly the imperialist agencies which through these forces are working the disintegration of the country.

The AIFUCTO stands firmly committed to values of secularism, democracy and socialism. It is, therefore, alarmed at the developments in Punjab, Assam, j & K, U. P., Bihar, Maharashtra etc.

The AIFUCTO applauds the role of the teachers' movement in Punjab working for communal harmony under very difficult conditions. Similarly teachers' movements in West Bengal, Delhi, Bihar, Maharashtra and some other states have been doing commendable work for communal harmony in their areas.

The imperative, therefore, is to strive for upholding and propagating the values of secularism and democracy and spare no effort in preserving the unity and integrity of the country.

The AIFUCTO directs all its units to work for communal harmony and make its members and other sections of society aware of the lurking dangers ahead. It appeals to all its members all over the countryto intervene effectively ina situation of breaking out of communal violence and work for communal peace.

The AIFUCTO is confident that the teaching community will not fail in discharging its responsibility of combating the challenge of fundamentlism and communalism and perpetuating the values of secularism and democracy inside the class rooms and outside. AIFUCTO further hopes that every member would endeavour to assure communal harmony in all situations however provocative.

In the end, AIFCUTO appeals to the govt. to take all necessary administrative and other steps to put an end to menace of communalism. For instance, it should ensure that the media does not projects incidents and events in communal light and work over-time to propagate the values of secularism and democracy.

## On Punjab

This meeting of the General Council of the AIFUCTO notes with concern that the situation in Punjab remains grave. The secessionists terrorists and the communal forces of all hues continue to operate endangering the lives and property of the citizens. The imperialist agencies are strengthening, helping and using these forces in this border state with the sole aim of destabilisation and destruction of the unity and integrity of the country. Killings of innocent people of all communities go on unabated and there is a prevailing sense of insecurity of life and property.

The Central Government cannot absolve itself of the responsibility for the aggravation of this situation in as much as they have inordinately delayed the implementation of the Punjab Accord. The state government and the Akali leadership because of their narrow outlook are unable to control the situation and contain the communal forces. The Punjab situation is a telling example of the damage that can be caused to the national fabric if religion is allowed to mix with politics and secular politics is

eschewed, and if political parties raise religious and comnmunal slogans and use these forces for electoral advantages.

The AIFUCTO reiterates its demand that

(i) the political parties and governments should keep religion separated from politics and uphold the image of secularism.

(ii) the secular forces in Punjab should ensure that communalism is fought and that the people are mobilised against communal and secessionist forces.

(iii) the government of India and the state govenments ensure that full protection is given to the minorities in every part of the country. The AIFUCTO calls on the teachers to take up this fight by organising seminars, symposia, demonstrations etc. and mobilising the academic community to defend the integrity of the country.

## On Muslim Women Bill

General Council of the AIFUCTO notes with grave concern the adoption by Parlament of the Muslim Womens' (Protection of Divorce Rights) Bill. The Bill which has now become an Act has taken away the right to maintenance after divorce as enshrined in Section 125 Cr. P C from one section of the women of this country. Under the grab of protecting the Personal Law of the Muslims, the Government of India has taken away from a poverty-stricken section of our society a right without which many women and children have little chance of survival except through criminalisation.

This General Council also notes that the Bill was adopted against the opposition of wide public opinion as represented not only in women's organisations, trade unions and political parties but in a large section of the Muslim community itself. Opposition to this bill cut across all political barriers.

The General Council views the adoption of the Bill as an attack on secularism and a dangerous concession to the Muslim fundamentalists. It will further embolden those forces which are threatening the unity and integrity of the country

(Teachers' Movement Agust 1986)

# വാർത്തകൾ

## സംഘടനയ്ക്കു ജയം

ചെമ്പഴന്തി എസ്.എൻ.കോളേജ് കൗൺസിലിലേയ്ക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ പി.സി.ടി.എ. സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തികൊണ്ട് എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികൾ വിജയിച്ചു. പ്രൊഫ. കെ. രവീന്ദ്രനും, ഡോ. ഉഷയുമാണ് വിജയിച്ചവർ.

## നട്ടെല്ലില്ലായ്മ!!

പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരകാലത്ത് കേരള യൂണിവേർസിററിയിൽ കരിങ്കാലിപ്പണിയ്ക്ക് 29 പേരെ നിയമിച്ചു. അവരെ പിരിച്ചുവിടാൻ ഒക്ടോബർ 15ന് കൂടിയ സിൻഡിക്കേററ് തീരുമാനിച്ചു. എന്നാൽ സർക്കാർ ഈ കരിങ്കാലികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് യൂണിവേർസിററിയ്ക്ക് നിർദ്ദേശം നൽകി. നവംബർ 3ന് കൂടിയ സിൻഡിക്കേററ് ഭൂരിപക്ഷപ്രകാരം സർക്കാരിനനുകൂലമായി തീരുമാനമെടുത്തു.

# അറിവും ആവേശവും പകർന്ന ആലുവാ ക്യാമ്പ്

പ്രൊഫ. ജോയ് കുളവേലിൽ
സെക്രട്ടറി, എ. കെ. പി. സി. ടി. എ.

സംഘടനക്ക് പുതിയ ഉണർവ്, പുത്തൻ പ്രവർത്തന ശൈലി, ഊർജ്ജസ്വലരായ പ്രവർത്തകർ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പ് ആലുവാ വൈ. എം.സി.എ. ക്യാമ്പ് സൈററിൽ സംഘടിപ്പിച്ചത്.

ഒക്ടോബർ 24, 25, 26 തീയതികളിൽ നടന്ന ക്യാമ്പിൽ 170 രജിസ്ട്രേഡ് പ്രതിനിധികൾ ഉൾപ്പെടെ 200 ഓളം സംഘടനാ പ്രവർത്തകർ പങ്കെടുത്തു. ഇത്രയധികം പ്രവർത്തകർ ഒന്നിച്ച് പങ്കെടുത്ത ക്യാമ്പ് ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഇതൊരു സർവ്വകാല റിക്കോർഡാണ്. സംഘടന പിളർന്നു എന്ന് പറഞ്ഞു നടക്കുന്നവർ ഇനി എന്ത് പറയുമോ ,ആവോ! കൂടുതൽ പ്രവർത്തകരെ ആകർഷിച്ചുകൊണ്ട് സംഘടന കരുത്താർജ്ജിക്കുകയാണ്. നമുക്ക് ഏററവും കൂടുതൽ ശക്തി വേണ്ട സമയമാണിത്. നേരിടേണ്ട വെല്ലുവിളികൾ വളരെയാണ്. പ്രൈവററ് കോളേജ് അദ്ധ്യപക സംഘടനാ പ്രവർത്തന രംഗത്ത് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞത് എ കെ പി സി ടി എ ക്ക് മാത്രമാണെന്ന് അധ്യാപകർ മനസ്സിലാക്കിയിരിക്കുന്നു. പ്രീഡിഗ്രിബോർഡ് വിരുദ്ധ സമരം ഇതിനു നമ്മെ സഹായിച്ചു. ഇതിൻെറ ഫലമായി അദ്ധ്യാപികമാരുൾപ്പെടെ ധാരാളം പേർ പുതുതായി സംഘടനയിൽ ചേർന്നുകൊണ്ടിരിക്കുന്ന ആവേശകരമായ റിപ്പോർട്ടുകൾ എല്ലാ ജില്ലകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു.

ക്യാമ്പിൽ ഏററവും അധികം ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ, പുത്തൻ വിദ്യാഭ്യാസനയം, പ്രീഡിഗ്രിബോർഡ്-വി സി കമ്മററി റിപ്പോർട്ട്, യൂണിറ്റുകളുടെ ജനാധിപത്യ സ്വഭാവ ധ്വംസനം തുടങ്ങിയവയാണ്. കൂടാതെ ട്രേഡ് യൂണിയൻ പ്രസ്ഥനാങ്ങൾ നേരിടുന്ന വെല്ലുവിളികൾ, സംഘടന-സർവ്വീസ് പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. ട്രേഡ്‌യൂണിയൻ നേതാങ്ങളായ ശ്രീ വി. പി. മരക്കാർ, ററി. കെ ബാലൻ, വി ബി ചെറിയാൻ എന്നിവരുടെ സേവനങ്ങൾ നമുക്ക് ക്യാമ്പിൽ ലഭിച്ചു. വിദ്യാഭ്യാസ ചിന്തകരും, തല്പരരുമായ പ്രൊഫ. കെ എ ജലീൽ, പ്രൊഫ. ആർ ആർ സി നായർ എന്നിവരുടെ പ്രഭാഷണങ്ങൾ പുത്തൻ വിദ്യാഭ്യാസനയം കൂടുതൽ ആഴത്തിൽ പഠിക്കാൻ പ്രവർത്തകർക്ക് അവസരം നല്കി. ഇവരുടെയെല്ലാം സേവനങ്ങളെ സംഘടന കൃതജ്ഞതയോടെ സ്മരിക്കുന്നു.

## പതാക ഉയർത്തൽ

ഒക്ടോബർ 24ം തീയതി വൈകുന്നേരം 4 മണിക്ക് സംഘടനാ പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ സംഘടനാ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പതാക ഉയർത്തിയതോടെ ക്യാമ്പ് ആരംഭിച്ചു. പതാക ഉയർത്തിയശേഷം അദ്ദേഹം പ്രതിനിധികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

5.30 ന് ഉൽഘാടന സമ്മേളനം ആരംഭിച്ചു. സ്വാഗതസംഘം പ്രസിഡൻറ് ശ്രീ. പി. ഡി. പത്മനാഭൻ നായർ സ്വാഗതം ആശംസിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഏററവും വലിയ അധ്യാപക പ്രസ്ഥാനമായ എ. കെ. പി. സി. ടി. എ യുടെ ഈ ക്യാമ്പിൽ വിദ്യാഭ്യാസ രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുമെന്ന പ്രത്യാശ അദ്ദേഹം പ്രകടിപ്പിച്ചു.

## ഉത്ഘാടനം ജില്ലാകളക്ടർ

സമ്മേളനം ഉൽഘാടനം ചെയ്തത് എറണാകുളം ജില്ലാകളക്ടർ ശ്രീ. വി. രാജഗോപാലാണ്. സ്വാതന്ത്ര്യം കിട്ടിയശേഷം മററുരംഗങ്ങളിൽ മാററങ്ങളും പുരോഗതിയും ഉണ്ടായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ രംഗം അത്തരം മാററങ്ങൾക്ക് വിധേയമായിട്ടില്ല. വളരെ അധികം അവഗണന അനുഭവപ്പെടുന്ന രംഗമാണിത്. ബ്രിട്ടീഷ്കാർ ബ്രൗൺ സാഹിബ്മാരെ സൃഷ്ടിക്കാൻ കരുപ്പിടിപ്പിച്ചെടുത്ത അതേ സമ്പ്രദായമാണ് ഇന്നും തുടരുന്നത്. പഠിപ്പിക്കപ്പെടുന്ന വിഷയങ്ങളിലും ഇതേ പിന്നോക്കാവസ്ഥ തുടരുന്നു. വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിൽ ഇന്നത്തെ വിദ്യാഭ്യാസം പരാജയപ്പെടുന്നു. പലരും ഇതിനൊരു മാററം വരുത്തുന്നതിൽ വിമുഖതകാണിക്കുന്നു. അധ്യാപകർ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ ഇടപെടുമ്പോഴും, രാഷ്ട്രീയമായി പ്രവർത്തിക്കുമ്പോഴും അവരുടെ നിഷ്പക്ഷത നഷ്ടപ്പെടുന്നതായി ശ്രീ രാജഗോപാൽ അഭിപ്രായപ്പെട്ടു

അധ്യക്ഷത വഹിച്ച സംഘടനാ പ്രസിഡൻറ് തൻെറ പ്രസംഗത്തിൽ ക്യാമ്പിൽ നടക്കുന്ന വിവിധ സമ്മേളനങ്ങളിലും, ചർച്ചകളിലും പ്രതിനിധികൾ സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു. കൃതജ്ഞത പറഞ്ഞ ജന: സെക്രട്ടറി ശ്രീ നാരായണൻ കുട്ടി ഉൽഘാടകൻ പ്രകടിപ്പിച്ച അരാഷ്ട്രീയ വാദത്തെ നിശിതമായി വിമർശിച്ചു. സ്വാതന്ത്ര്യസമരകാലം തൊട്ട് സമൂഹത്തിലെ ബുദ്ധിജീവികൾ രാഷ്ട്രീയത്തിൽ ഇടപെട്ട കാര്യം അദ്ദേഹം വിവരിച്ചു. അധ്യാപകർ രാഷ്ട്രീയബോധം ഉള്ളവരും സാമൂഹ്യബോധമുള്ളവരും ആയിരിക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. നമ്മൾ ശ്വസിക്കുന്ന വായുവിൽപ്പോലും രാഷ്ട്രീയം ഉള്ളപ്പോൾ അധ്യാപകർ ഇതിൽ നിന്ന് മാറി നിൽക്കണമെന്ന് പറയുന്നതിൻെറ പൊരുൾ മനസ്സിലാകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം കൃതജ്ഞത പ്രകാശിപ്പിച്ചു.

### സംഘടനാ പ്രവർത്തനം

1979-ൽ ചരൽ കുന്നിൽ അവതരിപ്പിച്ച ബ്രാഞ്ച് പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളുടെ അച്ചടിച്ച കോപ്പി അംഗങ്ങൾക്ക് നല്കികൊണ്ട് അവ ഓരോന്നായി ജനറൽ സെക്രട്ടറി ശ്രീ നാരായണൻ കുട്ടി വിശദീകരിച്ചു. കൂടാതെ അധ്യാപികമാരിൽ നിന്ന് പ്രവർത്തകരെ കണ്ടെത്തണം എന്ന നിർദ്ദേശവും മുന്നോട്ടുവെച്ചു. പ്രതിനിധികളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് അദ്ദേഹം ഉപസംഹരിച്ചു

തുടർന്ന് ശ്രീ ടി. ഗോപാലകൃഷ്ണൻ ഭരണഘടനാ ഭേദഗതിയെപ്പററിയുള്ള കോപ്പി നൽകി വിശദീകരിച്ചു. ഭേദഗതികൾ ഓരോന്നായി വായിക്കുകയും അതിൻെറ ആവശ്യകതയടക്കം വിവരിക്കുകയും ചെയ്തു. നിലവിലുള്ള നിയമങ്ങളും, അതിൽ നിന്നുള്ള വ്യതിയാനങ്ങളും പ്രസിഡൻറ് വ്യക്തമാക്കി.

## സംഘടനാ ചരിത്രം, പ്രധാന സമരങ്ങൾ: പ്രൊഫ. പി. നരേന്ദ്രൻ

മാൽക്കം ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് മററു കമ്മീഷനുകളെപ്പോലെ പ്രതിലോമകരങ്ങളായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നുവെന്ന് പ്രൊഫ.നരേന്ദ്രൻ അഭിപ്രായപ്പെട്ടു. അതിനെതിരായി ആദ്യം പ്രതികരിച്ചത് എ കെ പി സി ടി എ ആണ്. പ്രീഡിഗ്രി സമരം തുടങ്ങിയതിൻെറ പശ്ചാത്തലവും അദ്ദേഹം വിവരിക്കുകയുണ്ടായി. ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തികൊണ്ട് വിശാലമായ സമരചേരി ഉണ്ടാക്കി സമരം ആരംഭിച്ച രീതി വിശദീകരിച്ചു. വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏൽപ്പിച്ചുകൊടുക്കുവാനുള്ള താൽപര്യമാണ് പ്രീഡിഗ്രിബോർഡിന് പിന്നിലുള്ളത്. അടുത്ത കാലത്ത് വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ളതിൽ വച്ച് ഏററവും ആവേശകരമായ സമരമായിരുന്നു പ്രീഡിഗ്രി സമരം. ഒരംകമുള്ള സമരത്തെക്കുറിച്ചുള്ള വ്യാമോഹങ്ങൾ ഇല്ലാതാകാൻ ഈ സമരം സഹായിച്ചു. കോളേജധ്യാപകരെ ബാധിക്കാത്ത വിഷയങ്ങളിൽ സമരത്തിൻെറ ആവശ്യമില്ലെന്ന നിലപാട് തിരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഇന്നു നാം കൂടുതൽ ഭീഷണികൾ നേരിടുന്നു. ഗാന്ധിജി സർവ്വകലാശാല നിയമഭേദഗതിക്കെതിരെ നാം പോരാട്ടം ആരംഭിച്ചു കഴിഞ്ഞു. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം ഇല്ലാതാക്കാൻ സർക്കാർ ശ്രമിക്കുന്നു. നോമിനേഷനിലൂടെ വേണ്ടപ്പെട്ട വരെ തിരുകി നിറക്കാൻ സർക്കാർ വെമ്പൽ കാട്ടുന്നു. ഇതിനെതിരെയുള്ള സമരപരിപാടികൾ കൂടുതൽ ശക്തമാക്കാൻ അദ്ദേഹം പ്രവർത്തകരെ ഉൽബോധിപ്പിച്ചു.

## ട്രേഡ് യൂണിയൻ സമ്മേളനം

പ്രൊഫ. ടി ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ നടന്ന ട്രേഡ്‌യൂണിയൻ സമ്മേളനത്തിൽ സംഘടനാവൈസ് പ്രസിഡൻറ് ഡോ. എം. സി. ചാക്കോ സ്വാഗതം ആശംസിച്ചു. അധ്യാപകർ സംഘടിക്കുന്നതും, സമരം ചെയ്യുന്നതും മോശമാണെന്ന അഭിപ്രായം ഇപ്പോഴും നിലനില്കുന്നതായി ചാക്കോ അഭിപ്രായപ്പെട്ടു. എന്നാൽ സ്വന്തം അവകാശങ്ങൾ നേടിയെടുക്കുവാനും തന്റെ സാമൂഹ്യ ബാധ്യത നിറവേററുവാനും സംഘടിക്കുകയും, സമരം ചെയ്യുകയും വേണണമെന്ന് വിശ്വസിക്കുന്ന സംഘടനയാണ് എ. കെ. പി. സി. ടി. എ എന്ന് ആമുഖമായി പറഞ്ഞു കൊണ്ടാണ് ശ്രീ ചാക്കോ സ്വാഗതം ആശംസിച്ചത്.

മററു സർവ്വീസ് സംഘടനകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാനും, ജീവനക്കാരെന്നനിലക്ക് ഒരു ട്രേഡ് യൂണിയൻ ബോധം ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ട്രേഡ് യൂണിയൻ സമ്മേളനം സംഘടിപ്പിച്ചത്. സർവീസ് സംഘടനകൾ നേരിടുന്ന പുതിയ വെല്ലുവിളികൾ, പുതിയ പ്രവർത്തന ശൈലി തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു.

## വി. പി. മരയ്ക്കാർ

സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട്, വിഘടിത ഗ്രൂപ്പുകൾ തൊഴിലാളി രംഗത്ത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന ഈ കാലഘട്ടത്തിൽ എ കെ പി സി ടി എ കരുത്തോടെ നിലനിൽക്കുന്നത് സന്തോഷകരമാണെന്ന് ഐ എൻ ടി യു സി നേതാവ് ശ്രീ വി. പി. മരയ്ക്കാർ പറഞ്ഞു. വ്യവസായ തൊഴിലാളി സംഘടനകളും, അതല്ലാതെയുള്ള സർവ്വീസ് സംഘടനകളും തമ്മിലുള്ള ബന്ധം, പരസ്പരം മനസ്സിലാക്കുവാൻ സഹായകമാകും. ട്രേഡ്‌യൂണിയൻ ബന്ധം വർഗ്ഗപരമായ ബന്ധം നിലനിർത്താൻ സഹായിക്കുന്നതാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉൽഭവം വ്യവസായവൽക്കരണത്തോടെയാണ് ആരംഭിച്ചത്. ഒററപ്പെട്ട ഉൽപ്പാദനത്തിനു പകരം സാമൂഹ്യമായ ഉൽപ്പാദനം നിലവിൽ വന്നു. ഇൻഡ്യയിൽ 19-ാം നൂററാണ്ടിലാണ് ഇതിന്റെ തുടക്കം. സംഘടിത വ്യവസായവും, സംഘടിത തൊഴിലാളി പ്രസ്ഥാനവും 1920 ഓടെയാണ് ഇൻഡ്യയിൽ ആരംഭിച്ചത്.

സാമൂഹ്യ പ്രവർത്തകരാണ് തൊഴിലാളി സംഘടനകൾ ആദ്യമായി ആരംഭിച്ചത്. ശ്രീ നാരായണഗുരു അദ്ദേഹത്തിന്റെ അനുയായി ശ്രീ. പി കെ. വാവയോടൊപ്പം പ്രവൃത്തിച്ചാണ് കേരളത്തിൽ ട്രേഡ് യൂണിയനിസം ആരംഭിച്ചത്. എസ്. എൻ. ഡി. പി. യുടെ ആശയം നടപ്പാക്കുവാൻ ഇത് വളരെ സഹായകമായി. 1920-ൽ ലാലാ ലജ്പത്റോയി ബോംബേയിൽ ഇന്ത്യയുടെ ദേശീയ തൊഴിലാളി പ്രസ്ഥാനത്തിന് രൂപം നല്കി. പിന്നീട് ഇത് കൂടുതൽ അസംഘടിതമേഖലയിലേക്ക് വ്യാപിപ്പിച്ചു. ഇന്നും തൊഴിലാളി പ്രസ്ഥാനം വളരുകയാണ്, തളരുകയല്ല.

## വി. ബി. ചെറിയാൻ

തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയും, ഗതിവിഗതികളും അന്താരാഷ്ട്ര സംഭവങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് സി ഐ ടി യു നേതാവ് ശ്രീ.വി.ബി. ചെറിയാൻ സംസാരിച്ചത്. ആഗോള പശ്ചാത്തലത്തിൽ നിന്ന് അടർത്തിയെടുത്ത് തൊഴിലാളി പ്രസ്ഥാനത്തെ കാണാൻ ശ്രമിക്കുന്നത് തെററായ ധാരണകളിൽ എത്തിച്ചേരലായിരിക്കും. ഇൻഡ്യൻ സാഹചര്യം മനസ്സിലാക്കാൻ ഇത് ആവശ്യമാണ്. ഇൻഡ്യൻ തൊഴിലാളി വർഗത്തിന് പൂർത്തീകരിക്കാനാവാത്ത വിപ്ളവം പൂർ

ത്തീകരിക്കേണ്ടിയിരിക്കുന്നു. ദേശീയവും, ജ നാധിപത്യപരവുമായ ഒരു വിപ്ളവം അനി വാര്യമാണ്. ഈ വിപ്ളവത്തിൻെറ നേതൃത്വം തൊഴിലാളിവർഗത്തിനായിരിക്കണം. ഇൻഡ്യൻ തൊഴിലാളി വർഗ്ഗത്തിൻെറ കടമകൾ അദ്ദേ ഹം ഇങ്ങനെ വിവരിക്കുകയുണ്ടായി.

a) ആൻറി ഇംപീരിയലിസ്റ്റ്
b) ആൻറി ഫ്യൂഡലിസ്റ്റ്
c) ആൻറി മൊണോപൊളിസ്റ്റ്

ട്രേഡ്യൂണിയനുകൾ നേരിടുന്ന പ്രശ്ന ങ്ങൾ താഴെ പറയുന്ന തരത്തിൽ അവതരി പ്പിച്ചു.

a) പുതിയ സാമ്പത്തിക നയങ്ങൾക്കെതി രെയുള്ള സമരം
d) യുദ്ധക്കൊതിക്ക് എതിരേയുള്ള സമരം
c) പുത്തൻ വിദ്യാഭ്യാസ പദ്ധതികൾ
d) തൊഴിലില്ലായ്മയ്ക്കെതിരെയുള്ള സമരം
e) തൊഴിൽ മൗലിക അവകാശമാക്കാനുള്ള സമരം
f) വർഗ്ഗഐക്യം
g) ശിഥിലീകരണ ശക്തികൾക്കെതിരെയു ള്ള സമരം
h) ട്രേഡ്യൂണിയനിസത്തിനുള്ള ജനാധി പത്യാവകാശം ഉറപ്പ് വരുത്താനുള്ള സമരം

അദ്ദേഹം ട്രേഡ്യൂണിയനിസത്തിൻെറ ഉൽഭവം, വളർച്ച, വികാസം എന്നീ വിഷയങ്ങ ളെപ്പററി വിശദമായി സംസാരിച്ചു. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഒരു Striking force എന്ന നിലയിൽ ട്രേഡ്യൂണിയനിസം വളർന്നുവന്ന സാഹചര്യം വളരെ ഭംഗിയായി ശ്രീ ചെറിയാൻ അവതരിപ്പിക്കുകയുണ്ടായി.

## ശ്രീ ററി കെ. ബാലൻ (എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറി)

സർവ്വീസ് സംഘടനകൾ ഇന്ന് വളരെ അധി കം വെല്ലുവിളികൾ നേരിടുകയാണ്. 1936ലെ റൂംസ് ഓഫ് കോൺഡാക്ട് ഇന്നും നിൽ ക്കുന്നു. ഏതു പണിമുടക്കുകളെയും രാഷ് ട്രീയ പ്രേരിതമെന്ന് മുദ്രയടിക്കുന്നു. സർ വ്വീസ് സംഘടനാ രംഗത്തുള്ള പ്രശ്നങ്ങൾ അത്രയും സമൂഹത്തിലെ രാഷ്ട്രീയ സാമ്പ ത്തിക പ്രശ്നങ്ങൾ തന്നെയാണ്. നേരത്തെ സർവീസ് സംഘടനകൾ ഡി. എ. ചോദിച്ചു വാങ്ങിയാൽ മതിയായിരുന്നു. ഇന്നാകട്ടെ പ്ര ധാനപ്രശ്നം ജോലി സ്ഥിരതയായിരിക്കു ന്നു. യാതൊരു കാരണവും കാണിക്കാതെ, നട പടിക്രമങ്ങൾ ഒന്നുംകൂടാതെ ആരേയും പിരി ച്ചുവിടാമെന്ന സ്ഥിതിസംജാതമായിരിക്കുന്നു. ഓട്ടോമേഷൻ സർവീസ് മേഖലയാകെ ബാധി ച്ചു കഴിഞ്ഞു. 34 ൽ പരം വകുപ്പുകളിൽ കം പ്യൂട്ടറൈസേഷൻ മൂലം 17000 ത്തിൽപരം ജീവ നക്കാർ അധികമായിരിക്കുകയാണ്. പ്രൈവ റൈറസേഷൻ, വേതനം മരവിപ്പിക്കൽ തുടങ്ങി യ തൊഴിലാളി വിരുദ്ധ പരിപാടികൾക്കെതി രെ ഇന്ന് പോരാട്ടം നടക്കേണ്ടിയിരിക്കുന്നു. അ നീതിക്കെതിരെ, കൈക്കൂലിക്കെതിരെ, കരി നിയമങ്ങൾക്കെതിരെ സമരം സംഘടിപ്പിക്കാൻ സമയം വൈകിയെന്ന് അദ്ദേഹം ഓർമ്മി പ്പിച്ചു.

സംഘടന നേരിടുന്ന പുതിയ വെല്ലുവിളി കളെ അദ്ദേഹം വിലയിരുത്തി:

a) കാററഗറിസം, വിഘടിതഗ്രൂപ്പുകൾ
b) എല്ലാം നേടിക്കഴിഞ്ഞെന്ന ചിന്ത
c) അതുകൊണ്ട് സംഘടന ആവശ്യമില്ലെന്ന ധാരണ
d) ബഹുജനപ്രസ്ഥാനങ്ങളുമായുള്ള നിര ന്തര ബന്ധത്തിൻെറ പ്രശ്നം

ഈ വെല്ലുവിളികളെ മനസ്സിൽ വെച്ചു കൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എ കെ പി. സി. ടി എക്ക് ഈ രംഗത്ത് പുത്തൻ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കാൻ കഴിവുണ്ടെന്ന് പറഞ്ഞ് ഉപസംഹരിച്ചു.

യോഗത്തിന് ശ്രീ നാരായണൻകുട്ടി നന്ദി രേ ഖപ്പെടുത്തി.

## കലാപരിപാടികൾ

ശ്രീ ജേക്കബ് ജോർജിന്റെ നേതൃത്വത്തിലുള്ള ടീം ഒരു സംഗീതസായാഹ്നം ഒരുക്കി. ലളിതസംഗീതം, വയലിൻ, ഗിററാർ ഗ്രൂപ്പ് മ്യൂസിക്ക് തുടങ്ങിയ പരിപാടികൾ അവതരിപ്പിച്ചു.

കൂടാതെ ക്യാമ്പംഗങ്ങൾ പലരും ഈ പരിപാടിയിൽ പങ്കെടുത്തു. കഥകളിപ്പദങ്ങൾ, ക്ലാസിക് സംഗീതം, കവിയരങ്ങ് എന്നീ പരിപാടികളും നടത്തി.

## പ്രീ ഡിഗ്രി ബോർഡ് - വി. സി കമ്മററി റിപ്പോർട്ട് ചർച്ച

റിപ്പോർട്ടിനോടുള്ള എ. കെ. പി. സി. ടി എയുടെ പ്രതികരണം, പ്രവർത്തകസമതിയുടെ അഭിപ്രായം, പ്രതിനിധികൾക്ക് നല്കികൊണ്ടാണ് ചർച്ച ആരംഭിച്ചത്. റിപ്പോർട്ട് ധൃതിയിൽ തല്ലിക്കൂട്ടിയ ഒന്നാണെന്ന് വി. സി. മാർ തന്നെ കുററസമ്മതം നടത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിനെപ്പററി ആമുഖമായി ശ്രീ ഗോപാലകൃഷ്ണൻ വിശദീകരണം നല്കി. വേണ്ടിവന്നാൽ പ്രചരണ പ്രക്ഷോഭങ്ങളിലൂടെ ഈ റിപ്പോർട്ട് നടപ്പാക്കുന്നതിനെ ചെറുക്കുവാൻ അദ്ദേഹം പ്രതിനിധികളോട് ആവശ്യപ്പെട്ടു.

## വിദ്യാഭ്യാസ സമ്മേളനം പുത്തൻ വിദ്യാഭ്യാസ നയം

സമ്മേളനത്തിൽ പ്രൊഫ. ടി ഗോപാലകൃഷ്ണൻ സ്വാഗതം ആശംസിച്ചു. പുത്തൻ വിദ്യാഭ്യാസ രേഖയുടെ പ്രതിലോമസ്വഭാവത്തെ പ്രസിഡൻറ് നിശിതമായി വിമർശിച്ചു.

## പ്രൊഫ കെ. എ. ജലീൽ

വിദ്യാഭ്യാസരംഗത്ത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെട്ട മാററം ഉണ്ടായില്ല. വർഷങ്ങളായി മാററങ്ങൾക്ക് വേണ്ടി ചിലശ്രമങ്ങൾ ഒക്കെ നടന്നുവരികയായിരുന്നു. ഈ സാഹചര്യത്തിലാണ് പുതിയ വിദ്യാഭ്യാസനയം വരുന്നു എന്ന പ്രഖ്യാപനം ഉണ്ടായത്. അത് നമ്മളിൽ പ്രതീക്ഷ ഉണർത്തി. പക്ഷെ പുതിയ നയത്തിന്റെ രൂപരേഖ വന്നു കഴിഞ്ഞപ്പോൾ ആ പ്രതീക്ഷയ്ക്ക് മങ്ങലേററു. ഒന്നാമതായി ഈ രേഖ തയ്യാറാക്കിയവർക്ക് സ്വതന്ത്രമായ അസ്തിത്വം ഉള്ളവരായിരുന്നില്ല. ഗവൺമെൻറിന്റെ മനസ്സും, നയവും മനസ്സിലാക്കിയ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കുക എന്ന അപകടകരമായ അവസ്ഥ ഒഴിവാക്കണം. സർക്കാർ ആശിച്ചത്, ഉദ്യോഗസ്ഥൻമാർ തയ്യാറാക്കിക്കൊടുത്തു. ഇതിനുമുമ്പ് തയ്യാറാക്കപ്പെട്ട വിശദമായ റിപ്പോർട്ടുകൾക്ക് എന്തുപററി എന്ന് റിപ്പോർട്ടിൽ ഒന്നും പറയുന്നില്ല. വിശദമായ പഠന റിപ്പോർട്ടുകൾ പലതും നടപ്പിലാകാതെ പോകുന്ന ഈ സ്ഥിതിവിശേഷം പഠനാർഹമായ വിഷയമാണ്.

സാർവത്രിക പ്രാഥമിക വിദ്യാഭ്യാസത്തെ പൗരൻമാർക്ക് നിഷേധിച്ചിരിക്കുന്നു. ഭരണഘടനാനുസൃതമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഭാവി ഇരുളടഞ്ഞതാക്കും. ഇതിന് പകരം അനൗപചാരിക വിദ്യാഭ്യാസം ഒരു ഉപാധിയാക്കുന്നു. ഇതൊരു മനുഷ്യത്വഹീനമായ നടപടിയാണ്, വരേണ്യ വർഗ്ഗവളർച്ച മാത്രമാണ് ഈ രൂപരേഖകൊണ്ട് ഉദ്ദേശിക്കുന്നത്.

സാർവ്വത്രിക സാക്ഷരതനേടാൻ മററു പല രാഷ്ട്രങ്ങൾക്കും കഴിഞ്ഞു. ഇൻഡ്യയിലാകട്ടെ നിരക്ഷരുടെ എണ്ണം വർഷംതോറും കൂടിവരുകയാണ്. നൂറുശതമാനം സാക്ഷരത നേടിയെടുക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും, പദ്ധതികളും പുതിയ വിദ്യാഭ്യാസ നയത്തിൽ പറഞ്ഞിട്ടില്ല. ഗവ: അതിന്റെ ഭരണഘടനാനുസൃതമായ ബാദ്ധ്യതകളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന നയം അപകടകരമാണ്.

ബ്ളാക്ക് ബോർഡുകളോ, മൂത്രപ്പുരകളോ, കുടിവെള്ളമോ ഇല്ലാത്ത പതിനായിരക്കണക്കിന് വിദ്യാലയങ്ങൾ ഇന്നും ഇൻഡ്യയിലുണ്ട്. ഇതൊക്കെ എങ്ങനെ ലഭ്യമാക്കാം എന്ന യാതൊരു നിർദ്ദേശങ്ങളും പുത്തൻ നയത്തിൽ പറയുന്നില്ല. ആകെ കൂടി പറയാനുള്ളത് നവോദയാ വിദ്യാലയങ്ങളെപ്പററിയാണ്. ഇതാകട്ടെ തികച്ചും അപ്രായോഗികമാണ്.

ഉദ്യോഗസ്ഥമേധാവിത്വത്തിന് ഇത് വഴിവെക്കും. വമ്പിച്ച നിക്ഷേപം ആവശ്യമായിവ

ളും, രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാൻ ഈ സമ്പ്രദായം ഇടയാക്കും.

പുതിയനയത്തിന്റെ ചുവടുപിടിച്ച് ഓട്ടോണമസ് കോളേജുകൾ വരുന്നു, പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ സർക്കാർ തയ്യാറെടുക്കുന്നു, സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം ഹനിക്കാൻ തുടങ്ങുന്നു വികലമായ നയങ്ങൾ ആലോചനയും, പഠനവും കൂടാതെ മുന്നോട്ടു വെയ്ക്കുന്നു. ഇതിനെല്ലാം എതിരേ എ. കെ. പി. സി. ടി. എയ്ക്ക് പലതും ചെയ്യാൻ കഴിയും. അതിനുള്ള പഠനവും, തയ്യാറെടുപ്പും, ബോധവൽക്കരണവും നടത്താൻ അദ്ദേഹം പ്രവർത്തകരോട് ആഹ്വാനം നടത്തി.

## പ്രൊഫ. ആർ. ആർ സി. നായർ

പുത്തൻ വിദ്യാഭ്യാസനയത്തിന്റെ അപകടം ജനമധ്യത്തി ലെത്തിക്കേണ്ടതി ലേക്കാവശ്യ മായ കർമ്മപരിപാടികൾ എ. കെ. പി. സി. ടി. എ ഗൗരവമായി ഏറ്റെടുക്കണമെന്ന് ആമുഖമായി പ്രൊഫ. ആർ. ആർ. സി. പറഞ്ഞു.

